Service With Love
**JUBILEE MISSION**
**MEDICAL COLLEGE & RESEARCH INSTITUTE**
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

06.03.2026

# തൃശ്ശൂർ കോർപ്പറേഷനിൽ

# ജൂബിലി മിഷന്റെ മെഡിക്കൽ ക്യാമ്പ്.

തൃശ്ശൂർ കോർപറേഷൻ പ്രവർത്തകർക്കായി ജൂബിലി മിഷൻ ആശുപത്രിയും തൃശ്ശൂർ കോർപ്പറേഷനും സംയുക്തമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. നഗരാസൂത്രണ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ കരോളി ജോഷ്വാ സ്വാഗതം ആശംസിച്ചു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീന ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ ആശുപ്രതിയിലെ ഗൈനക്കോളജിസ്റ്റായ ഡോ. സറീന ഗിൽവാസ് മുഖ്യ പ്രഭാഷണം നടത്തി. അഡ്വ. വില്ലി ജിജോ, സന്തോഷ് ടി. ആർ, ഗോപാലകൃഷ്ണൻ, മെഫി ഡെൽസൺ എന്നിവർ ആശംസകൾ നേർന്നു. പ്രതിപക്ഷ കൗൺസിലർമാരായ ടി. ആർ. ഹിരൺ, രഘുനാഥ് സി. മേനോൻ, കോർപറേഷൻ സെക്രട്ടറി ഷിബു വി. പി. ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ജൂബിലി മിഷൻ ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ, ഗൈനക്കോളജി, പാത്തോളജി, ആയുർവ്വേദം എന്നീ വിഭാഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. ഇരുനൂറോളം പേർ പങ്കെടുത്ത ക്യാമ്പിൽ ജീവിതശൈലി രോഗങ്ങൾ, ഗർഭാശയഗള ക്യാൻസർ, സ്തനാർബുദം മുതലായ അസുഖങ്ങൾക്കുള്ള സ്ക്രീനിങ്ങും ഡോക്ടർമാരുടെ വിദഗ്ധോപദേശവും നൽകി. ഡോ. ഐശ്വര്യ പ്രദീപ്, ഡോ. ബിന്ദു, ഡോ. സറീന, ഡോ. നീത ജോർജ്ജ്, ഡോ. സാലി ഡാനിയേൽ, ഡോ. പൊന്നൂ ജോസ് എന്നിവർ അടങ്ങുന്ന വിദഗ്ധ സംഘം ക്യാമ്പിൽ പങ്കെടുത്തു. കോർപറേഷൻ ക്ലീൻ സിറ്റി മാനേജർ ജലീൽ എം നന്ദി പറഞ്ഞു.